(സി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 955.1397 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്.

(ഡി) നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 2004 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതിരോധ വകുപ്പു അറിയിച്ചിട്ടുള്ളത്.

പെരിയാർ പാട്ടക്കരാർ

9 (9) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1886-ൽ തിരുവിതാംകൂർ സർക്കാരും ബ്രിട്ടീഷ് സർക്കാരും തമ്മിലുണ്ടാക്കിയ പെരിയാർ പാട്ടക്കരാർ മധുര ജില്ലയിലെ ജലസേചനത്തിന് മാത്രമായുള്ളതുകൊണ്ട് തമിഴ്നാട് സർക്കാർ ഇപ്പോൾ മുല്ലപ്പെരിയാർ ജലം വാണിജ്യവ്യവസായിക, ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുവാൻ ഈ ഗവൺമെന്റ് എന്തൊക്കെ നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ നടപടികളെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരാർ വ്യവസ്ഥയനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ നിന്ന് ഒഴുകി വരുന്ന ജലം മുഴുവനായി തമിഴ്നാടിന് അവകാശപ്പെട്ടതാണ് എന്ന് മാത്രമേ വ്യക്തമാക്കിയിട്ടുള്ളൂ. ഇത് ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനുമല്ലാതെ ഉപയുക്തമാക്കുന്നതായി അറിവിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

വിവര സാങ്കേതിക മേഖലയിലെ വികസനം

10 (10) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവര സാങ്കേതിക മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഈ നടപടികളുടെ തുടർച്ചയായി ഈ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) വിവരസാങ്കേതിക മേഖലയിലെ വികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ഏതൊക്കെ മന്ത്രിമാർ പര്യടനങ്ങൾ നടത്തുകയുണ്ടായിയെന്നും ഓരോ പര്യടനത്തിനും എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം ഓരോ മന്ത്രിമാരും നടത്തിയ പര്യടനങ്ങൾമൂലം എന്തു നിക്ഷേപം ആർജ്ജിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ;

(ഇ) വിവര സാങ്കേതിക രംഗത്ത് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെക്നോപാർക്കിൽ 10 കമ്പനികൾ പ്രവർത്തനം തുടങ്ങി. ഈ കമ്പനികളുടെ മൂലധന നിക്ഷേപം 19.90 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെക്നോപാർക്കിൽ 44 കമ്പനികൾ പ്രവർത്തനം തുടങ്ങി. മൊത്തം മൂലധന നിക്ഷേപം 127.61 കോടി രൂപയാണ്. വിവരസാങ്കേതിക രംഗത്തെ വികസനത്തിനായി, ഐ.റ്റി. അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ. റ്റി. വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക, ഐ.റ്റി. സർക്കാരിൽ നടപ്പാക്കുക എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്ക്കരിച്ച്, ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു സമഗ്ര ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ ഒരു ഐ.റ്റി. അധിഷ്ഠിത വ്യവസായ മേഖലയുടെ അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഏകജാലക ക്ളിയറൻസ് സംവിധാനം, 20 കോടി രൂപയോളം മുതൽ മുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിവര സാങ്കേതിക വ്യവസായത്തിന് ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വിവരവിനിമയ സൗകര്യങ്ങൾ എന്നിവയെല്ലാം തന്നെ ടെക്നോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രത്യേകമായി പരിഗണിച്ച് ചെറുകിട വ്യവസായങ്ങൾക്ക് നൽകിവരുന്ന എല്ലാ സഹായങ്ങളും നൽകുന്നു. സ്ഥിരനിക്ഷേപത്തിന്റെ 20 ശതമാനം പരമാവധി 25 ലക്ഷം രൂപ വരെയുള്ള മൂലധനനിക്ഷേപ സബ്സിഡി നൽകുന്നുണ്ട്. ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തന വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും, സ്റ്റിയറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ പോലെ കോഴിക്കോട്, പാലക്കാട്, എറണാകുളം തുടങ്ങിയ ജില്ലാ ആസ്ഥാനങ്ങളിലും പാർക്കുകൾ സ്ഥാപിക്കുന്നു. കിൻഫ്രയുടെ മേൽനോട്ടത്തിൽ കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ ഐ.റ്റി. പാർക്കുകൾ ആരംഭിക്കുന്നു. മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള' എന്ന പേരിൽ കാര്യവട്ടത്ത് ടെക്നോപാർക്ക് കാമ്പസിൽ വിവരസാങ്കേതിക മേഖലയിലെ വിവിധ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിനായി ഒരു സ്കൂൾ സ്ഥാപിക്കുകയും ആദ്യ ബാച്ചിന്റെ അഡ്മിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഏകദേശം 1500-ഓളം സർക്കാർ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിനും, ആവശ്യമായ ട്രെയിനർമാരെ ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി കമ്പ്യൂട്ടർ ശേഖരിക്കുന്ന ഒരു 'കമ്പ്യൂട്ടർ ബാങ്ക് പദ്ധതി' യ്ക്ക് രൂപം നൽകി വരുന്നു. 7-ാം തരം മുതൽ കമ്പ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ വേണ്ട തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സർക്കാർ വകുപ്പുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതികളുടെ വിജയസാദ്ധ്യത മലയാള ഭാഷയുടെ ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മലയാള ഭാഷയിലുള്ള സോഫ്റ്റ് വെയറുകളുടെ ഏകീകരണത്തിനും കീബോർഡ് പരിഷ്ക്കരണത്തിനും മുഖ്യസ്ഥാനമുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് ഭാഷയിലെ സോഫ്റ്റ് വെയറുകളുടെ ഏകീകരണത്തിനും ലിപി പരിഷ്ക്കരണത്തിനും ആവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിന് സി-ഡിറ്റ് ചെയർമാന്റെ അദ്ധ്യക്ഷത്യിൽ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കീബോർഡ് പരിഷ്ക്കരണത്തിനും ലിപി പരിഷ്ക്കരണത്തിനുമായി രണ്ട് സബ് കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട 34 വകുപ്പുകളെ ആദ്യ ഘട്ടത്തിൽ, കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ വകുപ്പിനും അതിന്റെ പദ്ധതി വിഹിതത്തിന്റെ 3 ശതമാനം വരെ തുക ഐ.റ്റി. നടപ്പാക്കുന്നതിന് ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

വകുപ്പതല കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് ഉപയുക്തമായ സോഫ്റ്റ് വെയർ (PEARL-Package for Effective Administration of Registration Laws) വികസിപ്പിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായ തൊടുപുഴ സബ് രജിസ്ട്രാർ ആഫീസിന്റെ ഉദ്ഘാടനം നടന്നു കഴിഞ്ഞു. 50 സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഭരണാനുമതി നൽകിക്കഴിഞ്ഞു.

കൂടാതെ, പോലീസ് വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകൾക്കും ഉപയുക്തമാകുമാറ് ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. സ്വകാര്യമേഖലയുടെകൂടി സജീവ പങ്കാളിത്തത്തോടെ സംസ്ഥാന വിവരവിനിമയ ശൃംഖല പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതുമൂലം ആവശ്യത്തിനുതകും വിധം 'ബാൻഡ് വിഡ്ത്ത്' സൗകര്യം ലഭ്യമാക്കാനാകും എന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിനു സമഗ്രമായ വിവരവിനിമയ ശൃംഖല സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ റൈറ്റ്സ് ഓഫ് വേ

LIBRARY ARCHIVES Kerala Legislative Assembly

നയം പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ഈ മേഖലയിൽ 2240 കോടി രൂപ നിക്ഷേപം ഉണ്ടാകുന്നതാണ്. ഇതോടെ ഏറ്റവും കൂടുതൽ ബാൻഡ് വിഡ്ത്തുള്ള സംസ്ഥാനം എന്ന ബഹുമതി കേരളത്തിനു നേടാൻ കഴിയും. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളും ബന്ധിപ്പിച്ചു കൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖലയായ റൂറൽ ഡവലപ്മെന്റ് നെറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന 'ഇൻഫർമേഷൻ കേരള മിഷൻ' പദ്ധതി പുരോഗമിച്ചു വരുന്നു.

വിവിധ വകുപ്പുകളുടെ സേവനം ഒരു സ്ഥലത്തുനിന്നു തന്നെ ലഭ്യമാക്കുവാൻ ഉതകുന്ന ഒരു ഏകജാലക സേവന കേന്ദ്രം തിരുവനന്തപുരത്തെ പാളയം സാഫല്യം കോംപ്ലക്സിൽ 29-6-2000 മുതൽ ഒരു പൈലറ്റ് പ്രോജക്ട് ആയി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്കും ഏജൻസികളിലേക്കും (റവന്യൂ മോട്ടോർ വെഹിക്കിൾസ്, സിവിൽ സപ്ലൈസ്, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം നഗരസഭ തുടങ്ങിയവ) ഒടുക്കേണ്ട ഫീസുകളും നികുതികളും ഒടുക്കുന്നതോടൊപ്പം, വിവിധ ആവശ്യങ്ങൾക്കു വേണ്ട അപേക്ഷാഫാറങ്ങളും മറ്റു വിവരങ്ങളും ലഭ്യവുമാണ്. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തന വിജയത്തിന്റെ അടിസ്ഥാനത്തിൽ ഇതേ രീതിയിലുള്ള സേവന കേന്ദ്രങ്ങൾ മറ്റ് 13 ജില്ലാ ആസ്ഥാനങ്ങളിൽ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞു.

സംസ്ഥാനത്തിന് മൊത്തമായി ഒരു സമഗ്ര ജി.ഐ.എസ്(ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം) സംവിധാനം വികസിപ്പിച്ചെടുക്കുന്നതിന് ഉപയുക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഇൻഫർമേഷൻ കേരളമിഷൻ ജി.ഐ.എസ്. മേധാവി ഡോ. വി. ഗോവിന്ദാരു കൺവീനറായി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സാധാരണ ജനങ്ങൾക്ക് ഐ.റ്റി.യിലൂടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമീണ വായനശാലകളിൽ ഓരോ 'സേവന-ഗ്രാമീണ വിവര കേന്ദ്രം' സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യത്തെ പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ കല്ലറ പഞ്ചായത്തിൽ 10-8-2000-ൽ ഒരു 'സേവന-ഗ്രാമീണ വിവര കേന്ദ്രം' പ്രവർത്തനമാരംഭിച്ചു. ഇലക്ട്രോണിക്സ് റിസർച്ച് ഡവലപ്മെന്റ് സെന്ററിന്റെ സഹകരണത്തോടെയാണ് പ്രസ്തുത പ്രോജക്ടിന് രൂപം നൽകിയിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണത്തെ സഹായിക്കുന്നതിനുവേണ്ടി വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള പദ്ധതിയാണ് SLIDE . ഇതിന്റെ ഒരു പൈലറ്റ് പ്രോജക്ട് കുമരകം പഞ്ചായത്തിൽ നടപ്പാക്കി.

(സി) വിദ്യാഭ്യാസ പൊതുമരാമത്തു വകുപ്പുമന്ത്രി 2000 ഡിസംബർ മാസം യു.എസ്.എ സന്ദർശിക്കുകയുണ്ടായി. പര്യടനത്തിനു ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പര്യടനത്തിൽ മൈക്രോസോഫ്റ്റ് തുടങ്ങിയ കമ്പനികളുടെ ഉന്നതന്മാരുമായി നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ വിവരസാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകുന്ന പല പദ്ധതികൾക്കും അവർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഇ) സെക്രട്ടറിയേറ്റ്, സെക്രട്ടറിയേറ്റ് അനക്സ്, വികാസ്ഭവൻ, ബോർഡ് ഓഫ് റവന്യൂ എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു വിശാല കമ്പ്യൂട്ടർ ശൃംഖല (വൈഡ് ഏരിയാ നെറ്റ് വർക്ക്) സ്ഥാപിക്കൽ. ഇതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ ധനകാര്യ, ആരോഗ്യ വകുപ്പുകളിൽ പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സേവന, പേൾ എന്നിവ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക, ട്രഷറി കമ്പ്യൂട്ടർ വൽക്കരണത്തിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുക, ഐ.റ്റി മേഖലയിലെ നിക്ഷേപ സാധ്യതകൾ കണക്കിലെടുത്ത് എറണാകുളം കേന്ദ്രമാക്കി ഒരു ഇ-ടവർ സ്ഥാപിക്കുക, കോട്ടയം മെഡിക്കൽ കോളേജിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുക, എന്നീ പദ്ധതികളാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. കേരളം ഒരു സമ്പൂർണ്ണ സാക്ഷര സംസ്ഥാനമായി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പാഠ്യപദ്ധതി 2001-2002 മുതൽ ആരംഭിക്കുന്നതാണ്. ഐ.റ്റി. അറ്റ് സ്കൂൾ എന്ന ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ

11 (11) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള ദോഷങ്ങൾ എന്തെല്ലാമാണ് ;

(ബി) അതുമൂലമുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ് ;

(സി) ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള ദോഷവശങ്ങൾ ദൂരീകരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) ഇതിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും സിദ്ധിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു ;

(ഇ) ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും മൂലമുണ്ടായിട്ടുള്ള ദുരിതങ്ങളെ ഇല്ലായ്മ ചെയ്യാനും അതുമൂലം കൈവന്ന ഗുണങ്ങൾ എല്ലാവർക്കും സിദ്ധിക്കുവാൻ ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly